കലണ്ടറിംഗ് അൻഡ് പ്രിൻറിംഗ് പ്ലാൻറ്.

* 1576. [6] ശ്രീ. ആർ. ജനാർദ്ദനൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയെല്ലാം കലണ്ടറിംഗ് അൻഡ് പ്രിൻറിംഗ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്;

(ബി) പാപ്പനംകോട്ട സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കലണ്ടറിംഗ് അൻറ് പ്രിൻറിംഗ് പ്ലാൻറിനു് ആവശ്യമുള്ള യന്ത്രങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) യന്ത്രങ്ങൾക്കും, കെട്ടിടത്തിനും, വസ്തുവിനുംകൂടി എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഒരു കലണ്ടറിംഗ് അൻറ് പ്രിൻറിംഗ് പ്ലാൻറ് നെയ്യാറ്റിൻകര പ്ലാനിംഗ് പ്രോജക്ടിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ ഉടമകൾക്ക് എത്ര കലണ്ടറിംഗ് അൻറ് പ്രിൻറിംഗ് പ്ലാൻറ് ഉണ്ടെന്നുള്ളതിൻറെ കണക്ക് അറിവില്ല.

(ബി, സി) വരുത്തിയിട്ടുള്ള യന്ത്രസാമഗ്രികൾക്കായി 5,86,254 രൂ. ചെലവായിട്ടുണ്ട്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ: ഇതിൻറെ പ്രവർത്തനം ആരംഭിക്കാൻ ഇനി എത്ര മാസമാകും?

ശ്രീ. കെ. പി. ഗോപാലൻ: രണ്ടുമൂന്നുമാസത്തിനകം, കലണ്ടറിംഗ് അൻറ് പ്രിൻറിംഗ് പ്ലാൻറ് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കും; അതിനുശേഷം പ്രവർത്തനം ആരംഭിക്കും.

ന്യായവിലഷാപ്പുകൾ.

* 1577. [7] ശ്രീ. എം. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും വനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര ന്യായവിലഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ന്യായവിലഷാപ്പുകൾ മുഖാന്തിരം അരി വിതരണം ചെയ്യുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഈ ഷാപ്പുകൾ മുഖാന്തിരം അരി വിതരണം ചെയ്യുന്നതു സംബന്ധിച്ചു് സബ്സിഡി ഇനത്തിൽ എന്തെങ്കിലും നഷ്ടം ഗവണ്മെൻറ് സഹിക്കുന്നുണ്ടോ?

എക്സൈസുവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) ഇപ്പോൾ, 5820 റീട്ടെയിൽ ന്യായവിലഷാപ്പുകളും, 208 ഹോൾസെയിൽ ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്ഥിരമായി നെല്ലില്ലാത്തവർക്കും, സ്ഥിരമായി മാർക്കറ്റിൽനിന്നും അരി വാങ്ങുന്നതിനു് തുണിയില്ലാത്തവർക്കും മാത്രമാണു് ന്യായവിലഷാപ്പുകളിൽനിന്നും അരി വിതരണം നടത്തുന്നതു്. അങ്ങനെയുള്ളവർക്കു് റേഷൻറിറേറി കാർഡു കൊടുത്തിട്ടുണ്ടു്. ആ കാർഡുപ്രകാരം കൈവശമുള്ള സ്റ്റോക്കനുസരിച്ചു്, നിശ്ചിതവിലയനുസരിച്ചു് എല്ലാ കാർഡുകാർക്കും കുടുംബത്തിലെ അംഗസംഖ്യയുടെ വ്യത്യാസം പരിഗണിക്കാതെ ഒരേതോതിൽ അരി വീതം വിതരണം നടത്തുന്നു. ഓരോ ആഴ്ചയിലും വിതരണം നടത്താനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അരി കാർഡുകാർക്ക് ഒന്നായോ, നാലു തവണകളിലായോ വാങ്ങാവുന്നതാണ്. ഓരോ കോട്ടായിലുമുള്ള അരി അടുത്തയാഴ്ച ആകുമ്പോൾ ലാപ്സായിപ്പോകുന്നതാണ്. റീട്ടെയിൽ കടക്കാർക്ക് അരി സ്റ്റാക്കില്ലാതെ വന്നാൽ, ഗവണ്മെൻറ് ഡിപ്പോകളിലോ, അല്ലെങ്കിൽപക്ഷം, മറ്റ് ഹോൾസെയിൽഷാപ്പിലോ കാർഡ് കൊടുത്തു വാങ്ങണം. ന്യായവില ഷാപ്പുകാർക്ക് ട്രാൻസ്പോർട്ട് ചെലവുകാർക്കും പുറമേ രണ്ടണയും അനുവദിച്ചു കൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്. ഇൻഡ്യാഗവണ്മെൻറിൽനിന്നും തരുന്ന അരി ഡിപ്പോകളിൽ സൂക്ഷിച്ചിട്ട്, അവിടെനിന്നും ഷാപ്പുകളിലേക്ക് നേരിട്ടുകൊടുക്കുന്നതിനുവേണ്ടി ട്രാൻസ്പോർട്ട് ഇനത്തിലും, കോട്ടാ തികയാതെ വരുമ്പോൾ, ഗവണ്മെൻറ് നേരിട്ട് അരി വാങ്ങുന്ന അവസരത്തിൽ സബ്സിഡി ഇനത്തിലും നഷ്ടം സഹിക്കുന്നുണ്ട്.

ശ്രീ സി. എ. മാത്യു: സബ്സിഡി ഇനത്തിൽ എത്രമാത്രം നഷ്ടം സഹിക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. കെ. സി. ജോർജ്ജ്: പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ട്രാൻസ്പോർട്ട് ഇനത്തിലും, സബ്സിഡി ഇനത്തിലും നഷ്ടം സഹിക്കുന്നുണ്ടെന്നു പറഞ്ഞു. എങ്ങനെയെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. സി. ജോർജ്ജ്: സെൻട്രൽ ഗവണ്മെൻറിൽനിന്നും നമുക്കു തരുന്ന അരി, അതായത് 34 രൂപയ്ക്കു തരുന്നതു് അതു വിലയ്ക്കു വിൽക്കുകയാണെങ്കിൽ അതിനു സബ്സിഡിയില്ല. നേരേമറിച്ച്, സ്റ്റേറ്റ് ഗവണ്മെൻറ് തന്നെ 40 രൂ. വിലയ്ക്കു വാങ്ങി 32 രൂപ ക്രമത്തിനു് വിതരണം ചെയ്തതിൽ എട്ടു രൂപാ സബ്സിഡി ചാക്കൊന്നിനു നഷ്ടമുണ്ട്.

ശ്രീ. സി. എ. മാത്യു: അയ്യായിരത്തിൽപരം ന്യായവില ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നു പറഞ്ഞു; എല്ലാ ഷാപ്പുകളിലും വിതരണം നടക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: അരി വിതരണം ചെയ്യുന്നുണ്ടെന്നു അർത്ഥത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് പറഞ്ഞതു്.

ശ്രീ. സി. എ. മാത്യു: തൊടുപുഴ താലൂക്കിൽ കഴിഞ്ഞ കുറേ ആഴ്ചകളായി അരി വിതരണം നടക്കുന്നില്ലെന്നും ന്യായവിലഷാപ്പുകളിൽ ചിലതിലും കൂടികിടപ്പവകാശം സ്ഥാപിച്ചിരിക്കുകയാണെന്നുള്ള കാര്യം എനിക്കു നേരിട്ടറിയാം. അപ്പോൾ എല്ലാം പ്രവർത്തനം നടത്തുന്നു എന്നു പറഞ്ഞതു ശരിയാണോ?

ശ്രീ. കെ. സി. ജോർജ്ജ്: പ്രവർത്തിക്കുന്നുണ്ടെന്നാണ് പറഞ്ഞതു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: തൊടുപുഴയിലെ ഷാപ്പുകൾ പ്രവർത്തിക്കുന്ന ഷാപ്പുകളിൽപെടുമോ?

ശ്രീ. കെ. സി. ജോർജ്ജ്: തൊടുപുഴയിലും ഷാപ്പുകൾ പ്രവർത്തിക്കുന്നതിൻറെ കാര്യമാണ് പറഞ്ഞതു്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: തൊടുപുഴയിൽ മാത്രമല്ല; വളരെയധികം സ്ഥലങ്ങളിൽ, കഴിഞ്ഞ ആഴ്ചകളിലല്ല, മാസങ്ങളിലല്ല, വർഷങ്ങളായിട്ട് ന്യായവില ഷാപ്പുകളിൽ അരി വിതരണം നടക്കുന്നില്ലെന്നറിയാമോ?

ശ്രീ. കെ. സി. ജോർജ്ജ്: അതിനെ ഞാൻ നിഷേധിക്കുകയാണ്. കടകൾ അടച്ചുപൂട്ടി ഇട്ടിരിക്കുകയായിരിക്കയാണോ അല്ലെങ്കിൽ കരിഞ്ചന്തയിൽ

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുകയാണോ എന്നെല്ലാം അന്വേഷിക്കാൻ വിജിലൻസ് കമ്മിറ്റികൾ ഉണ്ട്. രാഷ്ട്രീയകക്ഷികളുടെ ചില പ്രവർത്തനംകൊണ്ട് വല്ല സ്ഥലത്തും വിജിലൻസ് കമ്മിറ്റികൾ ഈവക കാര്യങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടായിരിക്കും അങ്ങനെ സംഭവിക്കുന്നത്.

ശ്രീമതി കുസുമം ജോസഫ്: പ്രവർത്തിക്കുന്ന ഷാപ്പുകൾ അയ്യായിരത്തിൽ താഴെയുണ്ടെന്നു പറഞ്ഞു. തൊടുപുഴയിലെ ഷാപ്പുകൾ പ്രവർത്തിക്കാത്തതിന്റെ കാരണമെന്ത്?

ശ്രീ. കെ. സി. ജോർജ്ജ്: അന്വേഷിച്ചു പറയാൻ സാധിക്കും.

ശ്രീ. ടി. എ. തോമ്മൻ: അതുകൊണ്ട് എത്ര ന്യായവിലഷാപ്പുകൾ പ്രവർത്തിക്കാതെയുണ്ട്?

ശ്രീ. കെ. സി. ജോർജ്ജ്: പ്രവർത്തിക്കാത്തതിന്റെ കണക്കെടുത്തിട്ടില്ല; പ്രവർത്തിക്കുന്നതിന്റെ കണക്കാണ് എടുത്തിട്ടുള്ളത്.

ശ്രീ. ടി. എ. തോമ്മൻ: ന്യായവിലഷാപ്പുകൾ ഗവണ്മെന്റ് അനുവദിക്കുന്നതിനുവേണ്ടിയല്ലേ നടത്തുന്നത്?

ശ്രീ. കെ. സി. ജോർജ്ജ്: അതെ.

ശ്രീ. ടി. എ. തോമ്മൻ: എത്ര ന്യായവിലഷാപ്പുകൾ സ്റ്റോറായി അനുവദിച്ചിട്ടുണ്ട്?

ശ്രീ. കെ. സി. ജോർജ്ജ്: അതിന്റെ കണക്ക് പറഞ്ഞിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ്: തൊടുപുഴ താലൂക്കിലെ ഷാപ്പുകൾ പ്രവർത്തിക്കാത്തതു അരി കൊടുക്കാത്തതുകൊണ്ടല്ലേ?

ശ്രീ. കെ. സി. ജോർജ്ജ്: അരി എല്ലാവർക്കും കൊടുക്കുന്നുണ്ട്.

പിരിച്ചുവിടപ്പെട്ട സ്പ്രേയിംഗ് സൂപ്പർവൈസർമാർ.

* 1578. [8] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുരോഗത്തിനെതിരെ മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയിംഗ് സൂപ്പർവൈസർമാരെ കൂട്ടത്തോടെ പിരിച്ചുവിട്ടു, പകരം ആളുകളെ എടുത്തിട്ടുണ്ടോ;

(ബി) എത്രപേരെ പിരിച്ചുവിട്ടു;

(സി) പിരിച്ചുവിടപ്പെട്ടവരിൽനിന്നും 250 രൂപ വീതം സെക്യൂരിറ്റി വാങ്ങിയിട്ടുണ്ടോ;

(ഡി) ഇവരെ എന്തു കാരണത്താലാണ് പിരിച്ചുവിട്ടത്;

(ഇ) പിരിച്ചുവിട്ടവരെക്കാൾ എന്തെങ്കിലും യോഗ്യത കൂടുതൽ ഉള്ളവരെയാണോ പി. എസ്. സി. മുഖാന്തിരം എടുത്തിട്ടുള്ളത്?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) ഉണ്ട്.

(ബി) 40.

(സി) ഉണ്ട്.

(ഡി) ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും താൽക്കാലികമായി നിയമിച്ചിട്ടുള്ളതാണ്. നിലവിലുള്ള ചട്ടം അനുസരിച്ച് പി. എസ്. സി. ആളുകളെ റിക്രൂട്ടുചെയ്യുമ്പോൾ ഇവർ പിരിഞ്ഞുപോകണം.

LIBRARY ARCHIVES Kerala Legislative Assembly